**കേരള സർക്കാർ**

**സംഗ്രഹം**

DIRECTORATE OF TECHNICAL EDUCATION
28 OCT 2023

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ നിന്നും AICTE സ്കെയിലിൽ വിരമിച്ച അധ്യാപകരുടെയും, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നിന്നും MES സ്കെയിലിൽ വിരമിച്ച അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.108/2023/ധന** **തിരുവനന്തപുരം, തീയതി: 21/10/2023**

---

പരാമർശം:- (1) G.O(Ms) No.97/2021/HEDN തീയതി 16.02.2021.
(2) G.O(P) No.112/2021/Fin തീയതി 09.08.2021.
(3) G.O(P) No.41/2021/Fin തീയതി 26.02.2021.
(4) സർക്കുലർ നം.28/2021/ധന തീയതി 19.03.2021.
(5) സർക്കുലർ നം.95/2021/ധന തീയതി 23.10.2021.
(6) G.O(P) No.162/2021/Fin തീയതി 02.12.2021.
(7) സ.ഉ(അച്ചടി) നം.15/2023/ധന തീയതി 17.02.2023.

**ഉത്തരവ്**

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും AICTE സ്കെയിലിൽ വിരമിച്ച അധ്യാപകരുടെയും ഗവൺമെന്റ് മെഡിക്കൽ/ആയുർവേദ കോളേജുകളിൽ നിന്നും MES സ്കെയിലിൽ വിരമിച്ച അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ 01.01.2016 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഗവൺമെന്റ്/എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ നിന്നും AICTE സ്കെയിലിൽ വിരമിച്ച അധ്യാപകരുടെയും, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നിന്നും MES സ്കെയിലിൽ വിരമിച്ച അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ഉത്തരവിന്റെ ആനുകൂല്യം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ നിന്നും AICTE സ്കെയിലിൽ വിരമിച്ച അധ്യാപകർക്കും, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നിന്നും MES സ്കെയിലിൽ വിരമിച്ച അധ്യാപകർക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ

പെൻഷൻ പരിഷ്കരണം, കുടിശ്ശിക എന്നിവ സംബന്ധിച്ച പരാമർശം (4) മുതൽ (7) വരെയുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും വ്യവസ്ഥകൾ പ്രസ്തുത വിഭാഗം പെൻഷൻകാർക്കും ബാധകമാണെന്നും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**രബീന്ദ്ര കുമാർ അഗർവാൾ**
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :- 1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II) കേരളം, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, പട്ടം, തിരുവനന്തപുരം.
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, പത്മവിലാസം റോഡ്, ഫോർട്ട് പി.ഒ, തിരുവനന്തപുരം.
5. ആയുഷ് (ബി) വകുപ്പ്.
6. ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഇ-1457507)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

സാങ്കേതിക വിദ്യാഭ്യാസ് വകുപ്പ് -

ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം - 695023

dtekerala@gmail.com

ടെലിഫോൺ : 04712561307.

കീഴെഴുത്ത് നം. P3/45327/23/DTE തീയതി 15.11.2023

സർക്കാർ / എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ നിന്നും എ ഐ സി ടി ഇ സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ 01.01.2016 പ്രാബല്യത്തിൽ പരിഷ്കരിച്ച് കൊണ്ടുള്ള 21.10.2023 ലെ സ.ഉ.(അച്ചടി) നം.108/2023/ധന നമ്പർ സർക്കാർ ഉത്തരവ് പകർപ്പ് അറിവിലേക്കായി അയക്കുന്നു.

Ajithkumar SN

Senior Finance Officer

പകർപ്പ് :

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും.
2. സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾമാർക്കും.
3. കരുതൽ ശേഖരം / ഫയൽ പകർപ്പ്.

**Approval Valid**

Digitally Approved By
Ajithkumar SN
Date: 15.11.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File P3/45327/23/DTE Approved by Senior Finance Officer on 15-Nov-2023 10:35 AM - Page 1